പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *182

23-01-2014 ൽ മറുപടിക്ക്

## എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളുടെ തുടർ നടപടികൾ

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. ബാബു എം. പാലിശ്ശേരി
ഡോ. കെ.ടി.ജലീൽ
ശ്രീ. കെ.കെ.നാരായണൻ

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച പദ്ധതികളുടെ തുടർ നടപടികളും പുരോഗമനവും അതാത് വകുപ്പ് സെക്രട്ടറിമാർ മുഖേന നടത്തി വരുന്നു. കൂടാതെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുമുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതുപോലെ, എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളേയും പദ്ധതികളേയും ഫലവത്താക്കാൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) എമർജിംഗ് കേരളയിലൂടെ എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിക്കപ്പെട്ടതെന്നും വ്യക്തമാക്കാമോ; | (ബി) അടിസ്ഥാന സൗകര്യവികസനം, ഉന്നതവിദ്യാഭ്യാസം, വിജ്ഞാനമേഖല, ഐടി, കൃഷി, വിനോദസഞ്ചാരം, ആരോഗ്യസംരക്ഷണം, ബയോടെക്നോളജി, ഭക്ഷ്യസംസ്കരണം, ഇലക്ട്രോണിക്സ്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളിലെ നിക്ഷേപസാധ്യതകളെയാണ് എമർജിംഗ് കേരളയിലൂടെ അവതരിപ്പിച്ചത്. ഇതിൽ 177 പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളിലായി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ വന്ന 46 പദ്ധതി നിർദ്ദേശങ്ങളിൽ 19 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിലൂടെ മാത്രം ഏതാണ്ട് 20969[illegible] കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. |
| (സി) എമർജിംഗ് കേരളയിൽ വന്ന സംരംഭകർ സമർപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമായിരുന്നെന്നും ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിരുന്നതെന്നും വ്യക്തമാക്കുമോ? | (സി) വിശദമായ സാധ്യതാപഠനം തയ്യാറാക്കാത്ത പദ്ധതികൾക്കും, പരിസ്ഥിതി ആഘാത പഠനത്തിൽ കേരളത്തിന്റെ പരിസ്ഥിതിക്കു കോട്ടം തട്ടുമെന്നുള്ള പദ്ധതികൾക്കും തുടർനടപടികൾക്കായി ബുദ്ധിമുട്ട് ഉണ്ടായിരുന്നു. പ്രസ്തുത പദ്ധതികൾക്ക് വിശദമായ സാധ്യതാ പഠനം നടത്തുവാനും അനുയോജ്യമായതും, കോട്ടം തട്ടാത്ത രീതിയിലുള്ളതുമായ ഭേദഗതികളോടുകൂടി പദ്ധതികൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ